"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ല - കാലടി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് ശ്രീ. അരുൺ വിഷ്ണു കെ പി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.875/2026/LSGD തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:-

1. 09/10/2018 തീയതിയിലെ സ.ഉ.(കൈ) നം.148/2018/ത.സ്വ.ഭ.വ
2. പഞ്ചായത്ത് ഡയറക്ടറുടെ 24/10/2018 തീയതിയിലെ ഇ14-38669/14 നമ്പർ ഉത്തരവ്
3. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12/11/2018 തീയതിയിലെ ഡി3-5000/2018 നമ്പർ നടപടിക്രമങ്ങൾ
4. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29/11/2019 തീയതിയിലെ DDP/MPM/1/2019-D3 നമ്പർ നടപടിക്രമങ്ങൾ
5. മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 08/11/2024 തീയതിയിലെ LSGD/JD/MPM/7680/2024-A3 നമ്പർ നടപടിക്രമങ്ങൾ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.01.2026ലെ LSGD/PD/41000/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.അരുൺ വിഷ്ണുവിന്റെ നിരീക്ഷണകാലയളവ് 14.11.2021 മുതൽ 05.05.2024 വരെ ദീർഘിപ്പിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1),(2),(3) എന്നിവ പ്രകാരം ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിച്ച ശ്രീ. അരുൺ വിഷ്ണു കെ പി 14/11/2018 തീയതി മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചു. ടിയാന്റെ ക്ലാർക്ക് തസ്തികയിലെ സേവനം പരാമർശം (4) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ശ്രീ. അരുൺ വിഷ്ണു കെ പി -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം

തൃപ്തികരമാണെന്നും ടിയാൻ നിരീക്ഷണകാലത്തെ ബാധിക്കുന്ന അവധികൾ ഒന്നും തന്നെ എടുത്തിട്ടില്ലെന്നും കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. അരുൺ വിഷ്ണു കെ പി -യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ നിരീക്ഷണ കാലയളവ് പരാമർശം (5) പ്രകാരം 14/11/2020 മുതൽ 13/11/2021 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. . ടിയാൻ SLI,GIS,GPF എന്നിവയിൽ അംഗത്വമെടുക്കുകയും 03/05/2024 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 03.05. 2024 ൽ എം ഒ പി പരീക്ഷ പാസ്സായ മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.അരുൺ വിഷ്ണുവിന്റെ പ്രൊബേഷൻ 04.05.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 14.11.2021 മുതൽ 05.05.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,കാലടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.അരുൺ വിഷ്ണു കെ പി , ക്ലാർക്ക് , കാലടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.14/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 13-04-2026 13:14:28
സെക്ഷൻ ഓഫീസർ